**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1604** **11-10-2024 - ൽ മറുപടിയ്ക്ക്**

**ജൈവ കാർഷിക മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ജൈവ കാർഷിക മിഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | ജൈവ കാർഷിക മിഷൻ മുഖേന ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംസ്ഥാന പദ്ധതികൾക്ക് പുറമേ കേന്ദ്ര-സംസ്ഥാന പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികളിലൂടെ കർഷകർക്ക് ജൈവസർട്ടിഫിക്കേഷനുള്ള സഹായവും ജൈവകൃഷിക്കാവശ്യമായ പരിശീലനങ്ങളും നൽകുന്നു. ജൈവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉൽപാദിപ്പിക്കുന്ന മൂല്യ വർദ്ധിത ഉത്പന്നങ്ങൾക്ക് കേരളഗ്രോ ഓർഗാനിക്, കേരള ഗ്രീൻ എന്നീ ബ്രാൻഡുകൾ നൽകി വിപണനം നടത്തുന്നതിനും കാര്യക്ഷമമായ വിപണന സൗകര്യങ്ങളൊരുക്കുന്നതിനും ജൈവ കാർഷിക മിഷൻ പ്രവർത്തനങ്ങൾ നനടത്തുന്നു. |
| (ബി) | മിഷൻ മുഖേന ഏതെല്ലാം കൃഷികളാണ് ചെയ്തുവരുന്നത്; എത്ര ഹെക്ടറിലാണ് കൃഷി ചെയ്യുന്നത്; വിശദമാക്കാമോ ? | (ബി) | മിഷൻ മുഖേന കേരളത്തിന്റെ കാലാവസ്ഥക്കും മണ്ണിനും അനുയോജ്യമായ എല്ലാ തരം വിളകളും കാർഷിക പാരിസ്ഥിതിക യൂണിറ്റുകൾ അടിസ്ഥാനമാക്കി കൃഷി ചെയ്തു വരുന്നു. പച്ചക്കറി, വാഴ, കുരുമുളക്, പഴവർഗ്ഗങ്ങൾ, തെങ്ങ്,കിഴങ്ങു വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, മില്ലറ്റ്സ്(ചെറുധാന്യങ്ങൾ), എള്ള്,വെറ്റില, ജാതി, മരച്ചീനി, ഡ്രാഗൺ ഫ്രൂട്ട്, കശുമാവ്, കവുങ്ങ്, പൊക്കാളി, കൈപ്പാട് ഉൾപ്പെടെയുള്ള നെല്ലിനങ്ങൾ തുടങ്ങിയവയും കൃഷി ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ